പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T3626 — 19.02.2013 ൽ മറുപടിയ്ക്ക്

**കേരളവും തമിഴ്നാടും തമ്മിൽ ജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട കരാറുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.അജിത്** | | **ശ്രീ. ഉമ്മൻചാണ്ടി (ബഹു.മുഖ്യമന്ത്രി)** |
| (എ) കേരളവും തമിഴ്നാടും തമ്മിൽ ജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട് എത്ര കരാറുകളാണ് ഉള്ളതെന്നും പ്രസ്തുത കരാറുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | മൂന്നു കരാറുകൾ നിലവിലുണ്ട്. 29/5/1970-ൽ കേരളവും തമിഴ്നാടുമായി ഒപ്പുവച്ച 9/11/1958 മുതൽ മുൻകാല പ്രാബല്യമുള്ള പറമ്പിക്കുളം-ആളിയാർ പദ്ധതി (പിഎപി) കരാർ, 1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള കരാർ, 1886-ൽ തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് മദ്രാസും ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ എന്നിവയാണ് പ്രസ്തുത കരാറുകൾ. |
| (ബി) പ്രസ്തുത കരാറുകളിൽ നിലവിൽ കാലാവധി കഴിഞ്ഞ ഏതെങ്കിലും കരാറുകൾ ഉണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല. 1886-ൽ നിലവിൽ വന്ന പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്. 1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതിക്കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്. 29/5/1970 -ൽ 9/11/1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പി.എ.പി കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. |
| (സി) പ്രസ്തുത കരാറുകളിൽ ഏതിലെങ്കിലും തമിഴ്നാട് കരാർ വ്യവസ്ഥകൾ ലംഘിച്ചതായി കേരളം പരാതി ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കരാറുകളിലെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. പി.എ.പി കരാറിലെ വ്യവസ്ഥകൾ തമിഴ്നാട് ലംഘിച്ചത് സംബന്ധിച്ച് പരാതി ഉന്നയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) തമിഴ്നാടുമായുള്ള കരാറുകളിൽ കരാർ ലംഘനം നടന്നിട്ടുണ്ടെങ്കിൽ ആയതിന് രേഖാമൂലം തമിഴ്നാടിനോ, കേന്ദ്ര ജലക്കമ്മീഷനോ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വെളിപ്പെടുത്തുമോ; | (ഡി) | പി.എ.പി കരാർ പ്രകാരമുള്ള ജലം തമിഴ്നാട് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആയത് കരാർ ലംഘനമായി കണക്കാക്കി രേഖാമൂലം തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി-യിട്ടുണ്ട്. കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്ന കാര്യത്തിൽ, തമിഴ്നാട് അനുകൂലമായി പ്രതികരിച്ചിട്ടില്ല. അതിനാൽ ഇക്കാര്യത്തിൽ ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |
| (ഇ) ജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാടുമായി മറ്റേതെങ്കിലും കരാറുകളിൽ ഏർപ്പെടുവാൻ സംസ്ഥാനം ഉദ്ദേശിക്കുന്നുണ്ടോ? | (ഇ) | ഇല്ല. |

**സെക്ഷൻ ഓഫീസർ**